## ആകാശവാണി കോഴിക്കോട്
## പ്രാദേശിക വാർത്തകൾ

**തിയ്യതി: 17-05-2012** **സമയം: 6.45 Hrs**

### പ്രധാനവാർത്തകൾ

- ◆ ടി.പി.ചന്ദ്രശേഖരൻ വധക്കേസിൽ നാലുപേർ കൂടി അറസ്റ്റിലായി. ഇവരെ ഇന്ന് കുന്നമംഗലം കോടതിയിൽ ഹാജരാക്കും.

- ◆ അക്രമത്തിനും കൊലപാതകരാഷ്ട്രീയത്തിനുമെതിരെ ശ്രീ. രമേശ് ചെന്നിത്തല ഇന്ന് വടകരയിൽ ഉപവസിക്കും.

- ◆ നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.

- ◆ 158 കോടി രൂപ ചെലവിൽ നിർമ്മിച്ച ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് മുഖ്യമന്ത്രി ഇന്ന് നാടിന് സമർപ്പിക്കും.

- ◆ 12-ാം പദ്ധതി കാലത്ത് 40 ലക്ഷം പേർക്ക് ഫാക്ടറിമേഖലയിൽ തൊഴിൽ നൽകുമെന്ന് കേന്ദ്ര ഗവൺമെന്റ്.

- ◆ ഐ.പി.എൽ ക്രിക്കറ്റിൽ മുംബൈയ്ക്കെതിരെ കൊൽക്കൊത്തയ്ക്ക് വിജയം.

**** **** ****

ടി.പി. ചന്ദ്രേശഖരൻ വധക്കേസിൽ സി.പി.ഐ.എം. കുന്നുമ്മക്കര ലോക്കൽ കമ്മിറ്റി അംഗം കെ.സി. രാമചന്ദ്രൻ അടക്കം നാലുപേരെ കൂടി പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തു. രാമചന്ദ്രനു പുറമെ വടകര അഴിയൂരിലെ ദിൽഷാദ്, പാറപ്പുറമ്പത്ത് മുഹമ്മദ് ഫസൽ, കതിരൂർ പൊന്ന്യം വെസ്റ്റിലെ സനീഷ് എന്നിവരാണ് അറസ്റ്റിലായത്. ഇവരെ ഇന്ന് കോഴിക്കോട് കുന്നമംഗലം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും. ഇതോടെ സംഭവത്തിൽ അറസ്റ്റിലായവ

രുടെ എണ്ണം ഒൻപതായി. രാമചന്ദ്രന്റെയും കഴിഞ്ഞ ദിവസം അറസ്റ്റിലായ രവീന്ദ്രന്റെയും മൊഴിയുടെ അടിസ്ഥാനത്തിൽ അന്വേഷണം സി.പി.ഐ.എം. ഉന്നത നേതാക്കളിലേക്ക് വ്യാപിപ്പിക്കാനാണ് അന്വേഷണ സംഘം ഉദ്ദേശിക്കുന്നത്. ഈ മാസം നാലിന് രാത്രി പത്തരയോടെ വടകര കൈനാട്ടിക്ക് സമീപം വള്ളിക്കാട്ടാണ് ചന്ദ്രശേഖരൻ വെട്ടേറ്റ് മരിച്ചത്. കൊലപാതകത്തിന് പിന്നിൽ സി.പി.ഐ.എം. ആണെന്ന വ്യാപക ആരോപണം വ്യാപകമായി ഉയർന്നെങ്കിലും പാർട്ടി അത് നിഷേധിച്ചിരുന്നു. അതിനിടെ, ചന്ദ്രശേഖരൻ വധക്കേസിൽ റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരും യു.ഡി.എഫും നൽകുന്ന ലിസ്റ്റ് അനുസരിച്ചാണ് പൊലീസ് പ്രതികളെ കസ്റ്റഡിയിലെടുക്കുന്നതെന്ന് സി.പി.ഐ.എം. കോഴിക്കോട് ജില്ലാ സെക്രട്ടേറിയറ്റ് ആരോപിച്ചു. കൊലപാതകവുമായി നേരിട്ട് ബന്ധമുണ്ടെന്ന് പൊലീസ് നേരത്തെ വെളിപ്പെടുത്തിയ ആരെയും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു. കൊലപാതകം സംബന്ധിച്ച് സി.പി.ഐ.എം. നിലപാട് പലപ്രാവശ്യം വ്യക്തമാക്കിയിട്ടും പാർട്ടിയെ പ്രതിസ്ഥാനത്ത് നിർത്താനാണ് പൊലീസ് ശ്രമിക്കുന്നതെന്ന് സെക്രട്ടറിയേറ്റ് കുറ്റപ്പെടുത്തി. ഒഞ്ചിയം, ഏറാമല മേഖലകളിലെ സി.പി.ഐ.എം. പ്രവർത്തകരുടെയും അനുഭാവികളുടെയും ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ പൊലീസ് തയ്യാറാകണമെന്ന് ജില്ലാ സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

**** **** ****

ടി.പി. ചന്ദ്രശേഖരൻ വധത്തിനു പിന്നിൽ ഉന്നതർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരെയും പിടികൂടുകതന്നെ ചെയ്യുമെന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി തിരുവനന്തപുരത്തു പറഞ്ഞു. താഴെ തട്ടുകാരെയും ക്വട്ടേഷൻ സംഘങ്ങളെയും പ്രതികളാക്കി കുറ്റകൃത്യം ആസൂത്രണം ചെയ്തവർ രക്ഷപ്പെടുന്ന കാലം അവസാനിച്ചെന്നും മുഖ്യമന്ത്രി പറഞ്ഞു.

**** **** ****

ടി പി ചന്ദ്രശേഖരൻ വധത്തിൽ പങ്കില്ലെന്ന സി.പി.ഐ.എം സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവന അപഹാസ്യമാണെന്ന് ഇടതുപക്ഷ ഏകോപന സമിതി കുറ്റപ്പെടുത്തി. കൊലപാതകത്തോടു ബന്ധപ്പെട്ട് സി.പി.ഐ.എം ലോക്കൽ കമ്മിറ്റിയംഗങ്ങളടക്കം അറസ്റ്റിലായിട്ടും ജനങ്ങളെ വിഡ്ഢികളാക്കാൻ സെക്രട്ടറിയേറ്റ് ശ്രമിക്കുകയാണെന്ന് ഏകോപനസമിതി ഭാരവാഹികളായ ശ്രീ. കെ.എസ്. ഹരിഹരനും ശ്രീ.എൻ. വേണുവും കോഴിക്കോട്ട് വാർത്താലേഖകരോടു പറഞ്ഞു.

**** **** ****

ചന്ദ്രശേഖരൻ വധത്തിലെ ഗൂഢാലോചനയിൽ ഉയർന്ന നേതാക്കളുടെ പങ്ക് പുറത്തുകൊണ്ടുവരണമെന്ന് ചന്ദ്രശേഖരന്റെ ഭാര്യ രമ ആവശ്യപ്പെട്ടു. സംഭവം സംബന്ധിച്ച് തനിക്ക് അറിയാവുന്ന കാര്യങ്ങൾ അന്വേഷണ സംഘത്തോട് വെളിപ്പെടുത്തുമെന്നും രമ പറഞ്ഞു.

**** **** ****

അക്രമത്തിനും കൊലപാതക രാഷ്ട്രീയത്തിനുമെതിരെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല ഇന്ന് വടകരയിൽ 12 മണിക്കൂർ ഉപവസിക്കും. രാവിലെ 8 മുതൽ വൈകിട്ട് 8 വരെയാണ് ഉപവാസസമരം. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, സംസ്ഥാന മന്ത്രിമാർ, എം.എൽ.എ.മാർ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ ഉപവാസ സമരത്തിൽ പങ്കുചേരും. ഉപവാസത്തിന് പിന്തുണ പ്രഖ്യാപിച്ച് സംസ്ഥാനമെമ്പാടും സായാഹ്ന ധർണ്ണകൾ സംഘടിപ്പിക്കാനും കോൺഗ്രസ് തീരുമാനിച്ചിട്ടുണ്ട്.

**** **** ****

നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്. ഇന്നലെ പത്രികാ സമർപ്പണത്തിന്റെ സമയപരിധി അവസാനിച്ചപ്പോൾ മൊത്തം 20 പേരാണ് പത്രിക നൽകിയത്. യു.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. ആർ. ശെൽവരാജനും എൽ.ഡി.എഫ്. സ്ഥാനാർത്ഥി ശ്രീ. എഫ്. ലോറൻസിനും 2 വീതം അപരന്മാർ പത്രിക സമർപ്പിച്ചിട്ടുണ്ട്. ബി.ജെ.പി. സ്ഥാനാർത്ഥി ശ്രീ. ഒ.രാജഗോപാൽ ഇന്നലെ പത്രിക നൽകി. മറ്റന്നാൾ വരെ പത്രിക പിൻവലിക്കാം.

**** **** ****

158 കോടി രൂപ ചെലവിൽ നബാർഡിന്റെ സഹായത്തോടെ പൂർത്തിയാക്കിയ ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഇന്ന് നാടിന് സമർപ്പിക്കും. കാർഷിക മേഖലയിലും ഗതാഗത രംഗത്തും ഏറെ ഗുണകരമാകുന്നതാണ് ചമ്രവട്ടം പദ്ധതി.

**ഒരു റിപ്പോർട്ട്**

**** **** ****

കാസർക്കോട്ടെ പ്ലാന്റേഷൻ കോർപറേഷന്റെ പെരിയ, ചീമേനി, രാജപുരം എസ്റ്റേറ്റുകളിലെ ഗോഡൗണുകളിൽ ബാക്കി വന്ന 1638 ലിറ്റർ എൻഡോസൾഫാൻ നിർവീര്യമാക്കാൻ അടുത്തമാസം രണ്ടിന് നടപടികൾ ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു. നിർവീര്യമാക്കൽ പ്രക്രിയ ഒരാഴ്ച നീണ്ടുനിൽക്കും.

**** **** ****

12-ാം പഞ്ചവത്സരപദ്ധതി കാലത്ത് ഫാക്ടറി മേഖലയിൽ 40 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് കേന്ദ്ര ഗവൺമെന്റ് വ്യക്തമാക്കി. പദ്ധതി സമീപനരേഖയിൽ സുസ്ഥിര സാമ്പത്തിക വളർച്ചയ്ക്ക് ആവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിയതായും കേന്ദ്ര സഹമന്ത്രി ശ്രീ. വി. നാരായണസ്വാമി ലോക്സഭയിൽ അറിയിച്ചു.

**** **** ****

പട്ടയ നടപടികൾ വേഗത്തിലാക്കി സമയ ബന്ധിതമായി പട്ടയം നൽകാൻ നടപടി എടുക്കണമെന്ന് ഇടുക്കി ജില്ലാ കലക്ടർ ശ്രീ. ടി. ഭാസ്കരൻ റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. കലക്ട്രേറ്റ്ഹാളിൽ വിളിച്ചു ചേർത്ത ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് കലക്ടർ ഈ നിർദ്ദേശം നൽകിയത്.

**** **** ****

ഐ.പി.എൽ ക്രിക്കറ്റിലെ നിർണായക മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെതിരെ കൊൽക്കൊത്ത നൈറ്റ് റൈഡേഴ്സിന് 32 റൺസ് വിജയം. മുംബൈയിൽ കൊൽക്കൊത്തയുടെ 141 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ ഇന്ത്യൻസിന് ലക്ഷ്യം നേടാനായില്ല. 19.1 ഓവറിൽ 108 റൺസ് എടുത്ത് മുംബൈ പുറത്തായി. ഇന്ന് ചെന്നൈ സൂപ്പർകിങ്സ് പഞ്ചാബ് കിങ്സ് ഇലവനെ നേരിടും.

**** **** ****

പ്രശസ്ത മെക്സിക്കൻ എഴുത്തുകാരൻ കാർലോസ് ഫ്യൂന്റസ് അന്തരിച്ചു. തലച്ചോറിലെ രക്തസ്രാവത്തെ തുടർന്ന് മെക്സിക്കോ സിറ്റിയിൽ ആയിരുന്നു അന്ത്യം. ഗബ്രിയേൽ ഗാർസിയ മാർക്വെയ്സിനൊപ്പം ലാറ്റിനമേരിക്കൻ സാഹിത്യത്തിന് ആഗോളതലത്തിൽ ചിര പ്രതിഷ്ഠ നേടിക്കൊടുക്കുന്നതിൽ ഫ്യൂന്റസും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

**** **** ****

ആലപ്പുഴയിൽ 2 വ്യത്യസ്ത അപകടങ്ങളിൽ പിഞ്ചു കുഞ്ഞും പ്ലസ്ടു വിദ്യാർത്ഥിയും മുങ്ങിമരിച്ചു. കുട്ടനാട്ടിലെ കൈനടിയിൽ കൂട്ടുകാർക്കൊപ്പം കുളിക്കാനിറങ്ങിയ ചങ്ങനാശ്ശേരി പുതുപ്പറമ്പിൽ അനീഷും ബുധന്നൂരിൽ പള്ളിക്കടവിൽ വെള്ളത്തിൽ വീണ കളിപ്പാട്ടം എടുക്കാനിറങ്ങിയ ഒന്നരവയസ്സുകാരൻ ആഷ്ബിൻ അലക്സും ആണ് മരിച്ചത്.

**** **** ****

കായംകുളത്ത് ബൈക്കുകൾ കൂട്ടിമുട്ടി ക്ലാപ്പന സ്വദേശി ഷമീർ മരിച്ചു. ഇന്നലെ രാത്രി ദേശീയ പാതയിൽ കൃഷ്ണപുരത്തായിരുന്നു അപകടം.

**** **** ****

പാലക്കാട് നെന്മാറയ്ക്കടുത്ത് പുത്തൻതോട്ടിൽ വൈദ്യുത പോസ്റ്റിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനിടെ കരാർ തൊഴിലാളി ഷോക്കേറ്റ് മരിച്ചു. നെന്മാറ സ്വദേശി കണ്ടമുത്തനാണ് മരിച്ചത്.

**** **** ****

മതിയായ രേഖകളില്ലാതെ മാസങ്ങളായി കുട്ടനാട്ടിൽ താമസിച്ചുവന്ന 8 ബംഗ്ലാദേശികളെയും അവർക്ക് താമസസൗകര്യം ഒരുക്കിയ 2 പ്രദേശവാസികളെയും അമ്പലപ്പുഴ ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു. കുട്ടനാട്ടിൽ വെളിയനാട് പഞ്ചായത്തിലാണ് ബംഗ്ലാദേശികൾ കഴിഞ്ഞ ആറുമാസമായി താമസിച്ചുവന്നത്.

**** **** ****

കാസർക്കോട്ടെ മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകളിൽ വിജിലൻസ് റെയ്ഡിൽ കണക്കിൽപ്പെടാത്ത 11,000 രൂപ കണ്ടെടുത്തു. ഉദുമ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽനിന്നാണ് കണക്കിൽപ്പെടാത്ത തുക കണ്ടെത്തിയത്

**** **** ****

മഴക്കാല രോഗ പ്രതിരോധത്തിന്റെ ഭാഗമായി തൃശൂർ ജില്ലയിൽ ഇന്ന് ശുചിത്വയജ്ഞം നടത്തും. തദ്ദേശസ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും മേൽനോട്ടത്തിലാണ് പരിപാടി.

**** **** ****

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ഗർഭിണിയായ യുവതിയ്ക്ക് എച്ച് വൺ എൻ വൺ രോഗം സ്ഥിരീകരിച്ചു. എച്ച് വൺ എൻ വൺ പനിക്കെതിരെ മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പ് ശക്തമായ ജാഗ്രതാ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**** **** ****

സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ കൊൽക്കത്ത ബ്രാഞ്ചിന്റെ വ്യാജ ബാങ്ക് ഗ്യാരണ്ടി ഉപയോഗിച്ച് 10 കോടി രൂപ തട്ടാൻ ശ്രമിച്ച അഞ്ചുപേരെ കൊച്ചിയിൽ അറസ്റ്റ് ചെയ്തു. തമിഴ്നാട് സ്വദേശികളായ എസ്.ഡി. ത്യാഗരാജൻ, പി.കാളമേഘം, എം. കുമാരസ്വാമി, ഡി. ഷൺമുഖം, പെരിന്തൽമണ്ണ സ്വദേശി ഉണ്ണികൃഷ്ണൻ എന്നിവരാണ് അറസ്റ്റിലായത്.

**** **** ****

കായംകുളത്ത് രണ്ടു ദിവസം പ്രായമായ കുഞ്ഞിനെ റോഡരികിൽ ഉപേക്ഷിച്ച സംഭവത്തോട് ബന്ധപ്പെട്ട് അറസ്റ്റിലായ അമ്മയെ മജിസ്ട്രേറ്റ് റിമാന്റ് ചെയ്തു. കായംകുളം മുരിക്കിൻമൂട് സ്വദേശി അംബികയെയാണ് ഹരിപ്പാട് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആശുപത്രിയിലെത്തി റിമാന്റ് ചെയ്തത്.

**** **** **** **** **** ****